Draft #5 of File 16218/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 26-Oct-2022 04:45 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY · KOTTAYAM ·

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

**ജീവനക്കാര്യം: സിൻഡിക്കേറ്റ് തീരുമാനം - താഴ്ന്ന വിഭാഗം ജീവനക്കാരുടെ അസിസ്റ്റൻറ് തസ്തികയിലേക്കുള്ള ബൈ-ട്രാൻസ്ഫർ നിയമനം - നിലവിലുള്ള യോഗ്യതാ മാനദണ്ഡങ്ങൾക്ക് പുറമെ വകുപ്പുതല പരീക്ഷയിലെ വിജയം കൂടി അടിസ്ഥാനയോഗ്യതയായി നിഷ്കർഷിക്കുന്നത് ഒഴിവാക്കികൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 10869/AD A1/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 27.10.2022

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം. 3564/AD A1/2019/എം ജി യു, തീയതി 26.07.2019

2. സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് നം. 16218/AD A1/1/2019/AD A1, തീയതി 28.09.2022

3. 22.10.2022-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നമ്പർ 127/22.08/16218/AD A1/1/2019.

**ഉത്തരവ്**

താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും തസ്തിക മാറ്റം വഴി അസിസ്റ്റൻറ് തസ്തികയിലേക്കുള്ള നിയമനത്തിനായി നിലവിൽ അസിസ്റ്റൻറ് തസ്തികയുടെ 4%, സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിൽ നീക്കിവെച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ബൈ-ട്രാൻസ്ഫർ നിയമനങ്ങൾക്ക് 4 വർഷം സേവനപരിചയവും അംഗീകൃത സർവ്വകലാശാല ബിരുദവുമാണ് നിലവിൽ അടിസ്ഥാനയോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ, 24.10.2017-ലെ 27/2017/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, സെക്രട്ടേറിയേറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും അസിസ്റ്റൻറ് തസ്തികയിലേക്കുള്ള തസ്തിക മാറ്റ നിയമനത്തിന് മേൽ പരാമർശിച്ച അടിസ്ഥാന യോഗ്യതകൾക്ക് പുറമെ സെക്രട്ടേറിയേറ്റ് മാനുവൽ ടെസ്റ്റ്, അക്കൗണ്ട് ടെസ്റ്റ് (ലോവർ) എന്നീ വകുപ്പുതല പരീക്ഷകളിലെ വിജയം കൂടി അടിസ്ഥാനയോഗ്യതായി നിഷ്കർഷിച്ചിട്ടുണ്ട്.

അസിസ്റ്റൻറ് തസ്തികയിലേക്കുള്ള ബൈ-ട്രാൻസ്ഫർ നിയമനങ്ങൾ സർവ്വകലാശാലയിൽ നടക്കുന്ന മുറയ്ക്ക്, വകുപ്പുതല പരീക്ഷയിലെ വിജയം കൂടി ഒരു യോഗ്യതയായി നിഷ്കർഷിക്കേണ്ടതുണ്ടോ എന്ന വിഷയം 17.07.2019-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും, ക്ലറിക്കൽ അസിസ്റ്റൻറുമാരുടെ അസിസ്റ്റൻറ് തസ്തികയിലേക്കുള്ള പ്രമോഷൻ സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിലെ 21177/18(V) നമ്പർ കേസിലെ തീരുമാനമനുസരിച്ച് നടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

21177/18(V) നമ്പർ ഹർജിയും മറ്റു അനുബന്ധ ഹർജികളും 08.08.2022 തീയതിയിൽ തീർപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. പരാമർശം (3) പ്രകാരം കൂടിയ സിൻഡിക്കേറ്റ് യോഗം അസിസ്റ്റന്റ് തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിന് നിലവിൽ നിഷ്ക്കർഷിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതകൾക്ക് പുറമെ വകുപ്പുതല പരീക്ഷയിലെ വിജയം കൂടി ഒരു യോഗ്യതയായി നിഷ്കർഷിക്കേണ്ടതുണ്ടോ എന്നത് പരിഗണിക്കുകയും, സർവ്വകലാശാലയിലെ നിലവിലെ നിയമനരീതി അനുസരിച്ച് താഴ്ന്ന വിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് ബൈ-ട്രാൻസ്ഫർ മുഖേന സ്ഥാനക്കയറ്റം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലർ / പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
3. ജോയിൻറ് രജിസ്ട്രാർ/ ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/പരീക്ഷ/അക്കാദമികം/ധനകാര്യം)
4. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. സർവ്വകലാശാല
5. സിൻഡിക്കേറ്റ് സെക്ഷൻ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ
6. പബ്ലിക് റിലേഷൻസ് ഓഫീസർ
7. റിക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File 16218/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 26-Oct-2022 04:45 PM - Page 2